കൃഷി വകുപ്പിന്റെ വസ്തുവകകൾ സ്വകാര്യവൽക്കരിക്കുന്ന നടപടി

*6 [52] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*

ശ്രീ. വി. കെ. സി. മമ്മത്കോയ:

„ *മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റേയോ, അനുബന്ധ സ്ഥാപനങ്ങളുടെയോ നിയന്ത്രണത്തിലുള്ള വസ്തുവകകൾ സ്വകാര്യവൽക്കരിക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ വസ്തുവകകളാണ് സ്വകാര്യവൽക്കരിക്കുന്നതെന്നും, അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(സി) കോന്നിയിലേയും കോലാഹലമേട്ടിലേയും കൃഷിത്തോട്ടവും, ഗവേഷണ കേന്ദ്രവും സ്വകാര്യവൽക്കരിക്കാൻ കാർഷിക സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) കുമരകത്തെ നൂറേക്കർ സ്ഥലവും, ഗവേഷണ കേന്ദ്രവും സ്വകാര്യ മേഖലയ്ക്ക് നൽകാൻ കാർഷിക സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പു മന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):*

(എ) ഇതേവരെ ആലോചിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഇല്ല.

സുനാമി ദുരന്തം കേരളത്തിലെ ടൂറിസം മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതം

*7 [53] *ശ്രീ. കെ. കെ. ഷാജു:*

„ *എ. എൻ. രാജൻ ബാബു:*

„ *ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തം കേരളത്തിലെ ടൂറിസം മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സുനാമി*ദുരന്തം മൂലമുണ്ടായ പ്രതിസന്ധി അതിജീവിക്കാൻ ടൂറിസം മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ കെ. സി. വേണുഗോപാൽ)*:

(എ) ഇത് സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) കേരളാ ടൂറിസത്തെ സുനാമി ബാധിച്ചിട്ടില്ല എന്ന വസ്തുതയും കേരള തീരങ്ങൾ തീർത്തും സുരക്ഷിതവും സാംക്രമികരോഗ വിമുക്തവും സഞ്ചാരികൾ പൂർണ്ണസുരക്ഷിതരാണെന്നും ഉള്ള വിവരം ഇന്ത്യൻ എംബസികൾ വഴിയും കേന്ദ്ര സർക്കാരിന്റെ ടൂറിസ്റ്റ് ഓഫീസുകൾ വഴിയും ടൂറിസം വകുപ്പിന്റെ വെബ് സൈറ്റ് വഴിയും ടൂറിസം മേഖലയെ അറിയിക്കുകയുണ്ടായി. കൂടാതെ അറിയപ്പെടുന്ന ടൂർ ഓപ്പറേറ്റർമാർ, ഹോട്ടലുകൾ, ട്രാവൽ ഏജന്റുമാർ, എന്നിവരെ നേരിട്ടും അറിയിക്കുകയുണ്ടായി. സുനാമി ദുരന്തത്തിനുശേഷം കേരളം എത്രമാത്രം സുരക്ഷിതമാണെന്ന് ബോദ്ധ്യപ്പെടുത്തുന്ന ടി. വി. പരസ്യങ്ങൾ നിർമ്മിച്ച് പ്രശസ്ത മായ ബി. ബി. സി., സി. എൻ. എൻ. സ്റ്റാർ നാഷണൽ ജിയോഗ്രഫി തുടങ്ങിയ ചാനലുകളിൽ പരസ്യപ്പെടുത്തുകയുണ്ടായി. ഇതു കൂടാതെ 10 ലക്ഷം ഇ-മെയിൽ അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്.

വൈദ്യുത റഗുലേറ്ററി കമ്മിഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ്

*8 [54] *ശ്രീ. വി. കെ. ചന്ദ്രൻ:*

„ *മത്തായി ചാക്കോ:*

„ *പി. സി. ജോർജ്ജ്:*

„ *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മിഷൻ, ഇലക്ട്രിസിറ്റി ആക്ട് 2003-ന്റെ അടിസ്ഥാനത്തിൽ സപ്ലൈ കോഡ് പുറപ്പെടുവിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോസ്റ്റ് ആവശ്യമുള്ള വൈദ്യുതി കണക്ഷന് മുൻഗണന ലഭിച്ചിരുന്ന വിഭാഗങ്ങൾക്ക് നൽകി വന്നിരുന്ന ആനുകൂല്യം സപ്ലൈ കോഡിൽ ഒഴിവാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly